# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാട്യം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/918/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 26/07/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാട്യം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാട്യം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാട്യം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/918/22 തീയ്യതി: 26/07/2022

# കണ്ണൂർ ജില്ലയിലെ പാട്യം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പാട്യം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-02-2022 മുതൽ 12-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സാബു. പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 13-06-2022 | 23-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-06-2022 | 23-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. ഉഷ. എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ആൽബർട്ട് ജോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. പി. ബാലൻ മാസ്റ്റർ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |

| | | | |
|---|---|---|---|
| ശ്രീമതി. എൻ. വി. ഷിനിജ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ശ്രീജ എസ് പുത്തൻപുരയില് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി. ഹർഷ. കെ. പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. നികിത. ജെ. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. വിപിൻദാസ്. വി. | വി.ഇ.ഒ. പാട്യം | 01-04-2020 | 31-03-2021 |
| ശ്രീമതി. സൽമ. എ. കെ. | വി.ഇ.ഒ. ചെറുവാഞ്ചേരി | 01-04-2020 | 31-03-2021 |
| ഡോ. റിയാസ്. കെ. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 01-04-2020 | 31-03-2021 |
| ഡോ. ഹൃദ്യ. ടി. കെ. | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ. അനിൽകുമാർ. കെ. പി | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി. മീര. എൻ. | ഹെഡ് മാസ്റ്റർ ജി.എൽ.പി.എസ് | 01-04-2020 | 31-03-2021 |
| ശ്രീമതി. പ്രവീണ. എ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ. അനീഷ് കുമാർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 13-07-2020 |
| ശ്രീ. റിജുൽ രാജ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 14-07-2020 | 31-03-2021 |
| ശ്രീമതി. രമാഭായി. എ. കെ. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 16-12-2020 |
| ശ്രീമതി.സ്മിത.വി. | ഐ സി ഡി എസ് സൂപ്പർവൈസർ ഇൻ ചാർജ്ജ് | 17-12-2020 | 03-01-2021 |
| ശ്രീമതി.പ്രജിന.കെ. | ഐ സി ഡി എസ് സൂപ്പർവൈസർ | 04-01-2021 | 31-03-2021 |

ഭരണ നിർവ്വഹണ കമ്മിറ്റി : 1. ശ്രീ.കെ.സത്യൻ, സെക്രട്ടറി, 2. ശ്രീമതി.ഹർഷ.കെ.പി, അസിസ്റ്റന്റ് എഞ്ചിനീയർ, 3. ശ്രീമതി. നികിത.ജെ, കൃഷി ഓഫീസർ (12-11-2020 മുതൽ 21-12-2020 വരെ )

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jyothish Kumar (Audit Officer (HG), On 21-06-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 28-06-2022) | 1-1 |
| 2 | പുതുക്കിയ ബജറ്റ്<br>Written By: Jyothish Kumar (Audit Officer (HG), On 21-06-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 28-06-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക<br>Written By: Jyothish Kumar (Audit Officer (HG), On 21-06-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 28-06-2022) | 1-2 |
| 4 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 27-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jyothish Kumar (Audit Officer (HG), On 23-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Jyothish Kumar (Audit Officer (HG), On 23-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-4 |
| 7 | പദ്ധതി അവലോകനം.<br>Written By: Jyothish Kumar (Audit Officer (HG), On 21-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Usha.A (Asst. Audit Officer, On 23-06-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 29-06-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Albert Jose (Senior Grade Auditor, On 23-06-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 29-06-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Jyothish Kumar (Audit Officer (HG), On 21-06-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 28-06-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Jyothish Kumar (Audit Officer (HG), On 23-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 1-9 |
| 12 | ഗ്രാമ സഭ<br>Written By: Jyothish Kumar (Audit Officer (HG), On 23-06-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 28-06-2022) | 1-10 |
| 13 | ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് ലഭിക്കുന്നില്ല<br>Written By: Jyothish Kumar (Audit Officer (HG), On 27-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 1-11 |
| 14 | വിദ്യാർത്ഥിനികൾക്ക് കളരി യോഗ പരിശീലനം - അപാകങ്ങൾ - ₹24000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Albert Jose (Senior Grade Auditor, On 23-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 1-12 |
| 15 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - കെൽട്രോണിന് അധികം തുക നൽകി<br>Written By: Albert Jose (Senior Grade Auditor, On 23-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 1-13 |
| 16 | ഹോമിയോ ഡിസ്പൻസറിക്ക് മരുന്നും അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - | 1-14 |

| | | |
|---|---|---|
| | ₹200000 യുടെ മരുന്ന് ലഭിച്ചിട്ടില്ല<br>Written By: Usha.A (Asst. Audit Officer, On 23-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | |
| 17 | പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ - ₹300000 യുടെ മരുന്ന് ലഭിച്ചിട്ടില്ല.<br>Written By: Usha.A (Asst. Audit Officer, On 23-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 1-15 |
| 18 | പാലിയേറ്റീവ് കെയർ - ₹300275 യുടെ മരുന്ന് ലഭിച്ചിട്ടില്ല.<br>Written By: Usha.A (Asst. Audit Officer, On 23-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-16 |
| 19 | സമഗ്ര നാളികേര വികസനം - സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.<br>Written By: Usha.A (Asst. Audit Officer, On 23-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 1-17 |
| 20 | ജൈവ പച്ചക്കറി കൃഷി പ്രോത്സാഹനം- .സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: Usha.A (Asst. Audit Officer, On 23-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 1-18 |
| 21 | കവുങ്ങ് കൃഷി വ്യാപനം- സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് ധനസഹായം അനുവദിച്ചു<br>Written By: Usha.A (Asst. Audit Officer, On 23-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-19 |
| 22 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - പൂർത്തിയാകുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Usha.A (Asst. Audit Officer, On 23-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 1-20 |
| 23 | അംഗൻവാടികളിൽ കുടിവെള്ള കണക്ഷൻ ലഭ്യമാക്കൽ – പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല<br>Written By: Usha.A (Asst. Audit Officer, On 23-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 1-21 |
| 24 | വിവിധ അംഗൻവാടികളിൽ കഴൽ കിണർ കുഴിക്കുന്നതിന് ഭൂജല വകുപ്പിന് തുക നൽകിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.<br>Written By: Usha.A (Asst. Audit Officer, On 23-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 1-22 |
| 25 | പി എച്ച് സി ക്ക് ഫോട്ടോകോപ്പിയർ വാങ്ങൽ-ഫോട്ടോകോപ്പിയർ നാളിതുവരെ ലഭിച്ചിട്ടില്ല<br>Written By: Usha.A (Asst. Audit Officer, On 23-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 1-23 |
| 26 | തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണി- അപാകങ്ങൾ<br>Written By: Usha.A (Asst. Audit Officer, On 23-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 1-24 |
| 27 | കല്ലുവളപ്പ് സെൻടൽ നഴ്സറി റോഡ് ടാറിംഗ് - കരാറിൽ ഏർപ്പെടാൻ വൈകിയതിന് പിഴ ഈടാക്കിയില്ല<br>Written By: Jyothish Kumar (Audit Officer (HG), On 27-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-25 |
| 28 | എം.സി.എഫ് കെട്ടിടത്തിന് ചുറ്റുമതിൽ നിർമ്മാണം - ടെണ്ടർ അംഗീകരിച്ചതിലെ അപാകങ്ങൾ കരാറുകാരന് അധികം നൽകിയ ₹1080യുടെ ചെലവ് അംഗീകരിക്കുന്നില്ല.<br>Written By: Jyothish Kumar (Audit Officer (HG), On 28-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 1-26 |

| | | |
|---|---|---|
| 29 | വനിതാ ശിശു വിഹാര സരോവരം - തുടർ പ്രവർത്തനങ്ങൾ നടക്കുന്നില്ല<br>Written By: Jyothish Kumar (Audit Officer (HG), On 27-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 21-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jyothish Kumar (Audit Officer (HG), On 21-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 21-06-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 29-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 21-06-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 29-06-2022) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Jyothish Kumar (Audit Officer (HG), On 23-06-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 29-06-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 23-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 23-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jyothish Kumar (Audit Officer (HG), On 21-06-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 29-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jyothish Kumar (Audit Officer (HG), On 23-06-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 29-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 21-06-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 29-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jyothish Kumar (Audit Officer (HG), On 29-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jyothish Kumar (Audit Officer (HG), On 22-06-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 26-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT AND PAYMENT STATEMENT OF PATTIAM GRAMA PANCHAYAT FOR THE PERIOD FROM 1-4-2020 TO 31-3-2021 | |
| 4 | INCOME AND EXPENDITURE STATEMENT OF PATTIAM GRAMA PANCHAYAT FOR THE PERIOD FROM 1-4-2020 TO 31-3-2021 | |
| 5 | BALANCE SHEET OF PATTIAM GRAMA PANCHAYAT AS ON 31-3-2021 | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

പാട്യം ഗ്രാമ പഞ്ചായത്തിന്റെ 2020-21 ലെ ബജറ്റ് 24-3-2020 ലെ 61/2020 ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 5313125 |
| വരവ് | 147795500 |
| ആകെ | 153108625 |
| ചെലവ് | 149877000 |
| നീക്കിയിരിപ്പ് | 3231625 |

## 1-1-1 പുതുക്കിയ ബജറ്റ്

പാട്യം ഗ്രാമ പഞ്ചായത്തിന്റെ 2020-21 ലെ പുതുക്കിയ ബജറ്റ് 23-2-2021 ലെ 66/2021 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 14308593 |
| വരവ് | 171343179 |
| ആകെ | 185651772 |
| ചെലവ് | 174062828 |
| നീക്കിയിരിപ്പ് | 11588944 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-7-2021 | 5-8-2021 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1. 2019-20 വർഷത്തെ ബി-1 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പായ ₹11673686.49 യും 2020-21 വർഷത്തെ സർപ്ലസ് തുകയായ ₹1362954 കൂട്ടിയാൽ കിട്ടുന്നത് ₹13036640.49 യാണ്. ഇത് 2020-21 വർഷത്തെ ബി-1 ഷെഡ്യൂൾ പ്രകാരമുള്ള പഞ്ചായത്ത് ജനറൽ ഫണ്ടായ ₹26463969.49 യുമായി പൊരുത്തപ്പെടുന്നില്ല.

2. 31-3-2021 ന് എസ്.ബി.ഐ ഓൺലൈൻ അക്കൌണ്ടായ 37053903155 ലെ റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാങ്ക് ബാലൻസ് തുകയായ ₹6156973 യിൽ നിന്നും പണമാക്കാത്ത ചെക്ക് തുകകളായ ₹376462 കുറവ് വരുത്തിയാൽ കിട്ടുന്ന ₹5780511 RP-40(b) യിലെ നള്ള ബാലൻസ് തുകയുമായി (₹5781165) പൊരുത്തപ്പെടുന്നില്ല.

3. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ദുരിതാശ്വാസനിധിയുടെ 31-3-2021 ലെ നീക്കിയിരിപ്പ് ₹30107 യാണ്. എന്നാൽ പാസ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് ₹30607 യാണ്. ₹500യുടെ വ്യത്യാസമുണ്ട്.

4. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച തുകയുടെ യഥാർത്ഥ നീക്കിയിരിപ്പ് ₹1090223 യാണ്. എന്നാൽ B-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിപ്പ് ₹2324775 യാണ്. മുൻവർഷം ലഭിച്ച തുകയിൽനിന്നുള്ള ₹1234552 യുടെ ചെലവ് കുറവ് വരുത്താതെയാണ് B-4 ഷെഡ്യൂളിൽ തുക ചേർത്തിട്ടുള്ളത്.

5. വാടകയിനത്തിലുള്ള കുടിശ്ശിക തുകയായി B-15 ഷെഡ്യൂൾ പ്രകാരം ₹10889 ചേർത്തിട്ടുണ്ട്. എന്നാൽ വാടകയുടെ രജിസ്റ്റർ പ്രകാരം കുടിശ്ശിക തുക ഇല്ല.

6. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൌതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ ക്ലോസിംഗ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

7. B-9 ഷെഡ്യൂളിലെ GPF, KPEPF എന്നിവയിലെ തുകകൾ യഥാർത്ഥ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

8. B-9 ഷെഡ്യൂളിലെ Amount Payable To Others എന്ന ഹെഡിൽ ചേർത്ത ₹55870 ഏത് ഇനത്തിൽ ഉള്ളതാണെന്ന് വ്യക്തമാക്കേണ്ടതാണ്.

9. B-9 ഷെഡ്യൂളിൽ 2021 മാർച്ച് മാസത്തെ ജനപ്രതിനിധികളുടെ ഓണറേറിയം നൽകുന്നതിനുള്ള തുകയുടെ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

10. B-11 ഷെഡ്യൂളിന് അനുസൃതമായി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

11. B-11 ഷെഡ്യൂളിൽ ഗ്രാമ പഞ്ചായത്തിന്റെ രജിസ്ട്രേഷൻ നമ്പർ KL58A5763 പ്രകാരമുള്ള വാഹനത്തിന്റെ വിവരം ഉൾപ്പെടുന്നില്ല.

12. വാർഷിക കണക്കിൽ 2011-ലെ കേരള പഞ്ചായത്ത് ആക്ട് അക്കൗണ്ട്സ് ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

13. വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യതുകകൾ രേഖപ്പെടുത്തിയിട്ടില്ല.

14. വാർഷിക ധനകാര്യപത്രികയോടൊപ്പം അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വച്ചിട്ടില്ല.

15. മേൽ അപാകങ്ങൾ സംബന്ധിച്ച് 30/23.06.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വർഷം | 2020-21 |
|---|---|
| മുന്നിരിപ്പ് | 24452247 |
| വരവ് | 83539600 |
| ആകെ | 107991847 |
| ചെലവ് | 77182919 |
| നീക്കിയിരിപ്പ് | 30808928 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം | 1080 |
| തടസ്സപ്പെടുത്തിയ തുക | 24000 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 14745375 | 14745375 | 14345375 | 400000 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 883940 | 883940 | 880874 | 3066 |
| വികസന ഫണ്ട് - ടി.എസ്.പി | 0 | 3592926 | 3592926 | 3256830 | 336096 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് | 0 | 5740000 | 5740000 | 1328950 | 4411050 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺടൈഡ് | 0 | 11691186 | 11691186 | 11685588 | 5598 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 0 | 7613000 | 7613000 | 6950215 | 662785 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | 0 | 4575250 | 4575250 | 3541855 | 1033395 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 647918 | 31516920 | 32164838 | 32116695 | 48143 |
| സാക്ഷരത | 118787 | 3263 | 122050 | 0 | 122050 |
| ടോട്ടൽ സാനിറ്റേഷൻ | 340518 | 180000 | 520518 | 123791 | 396727 |
| ഐ.സി.ഡി.എസ് | 1057523 | 1627712 | 2685235 | 2200000 | 485235 |
| ശുചിത്വ മിഷൻ | 910068 | 2801960 | 3712028 | 994062 | 2717966 |
| എസ്.എസ്.എ | 162000 | 0 | 162000 | 0 | 162000 |
| അങ്കണവാടി കുടിവെള്ള പദ്ധതി | 10000 | 0 | 10000 | 0 | 10000 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 1075149 | 197189 | 1272338 | 219000 | 1053338 |
| ലൈഫ് സംസ്ഥാന വിഹിതം | 0 | 680000 | 680000 | 520000 | 160000 |
| മറ്റ് ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള ഫണ്ട് | 692020 | 0 | 692020 | 0 | 692020 |
| സാനിറ്റേഷൻ ഫണ്ട് കോട്ടയം ഗ്രാമ പഞ്ചായത്ത് | 4400 | 0 | 4400 | 0 | 4400 |
| എസ്.എ.ജി.വൈ | 490 | | 490 | | 490 |
| എസ്.എൻ.പി | 303925 | | 303925 | | 303925 |
| വിമുക്തി | 4839 | 0 | 4839 | 0 | 4839 |
| ഗൃഹചൈതന്യ | 10960 | 0 | 10960 | 0 | 10960 |
| ബിപിഎൽ ഇൻസെന്റീവ് | 100 | 0 | 100 | 100 | 0 |
| കില | 0 | 12535 | 12535 | 12535 | 0 |
| ബഡ്സ് സ്മാർട്ട് ക്ലാസ് റൂം | 0 | 200000 | 200000 | 0 | 200000 |
| SC കിന്റർ ഗാർട്ടൻ കുടിവെള്ളപദ്ധതി | 0 | 200000 | 200000 | 0 | 200000 |
| നഗര സഞ്ചയ | 0 | 9000000 | 9000000 | 0 | 9000000 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 195 | 94877336 | 163 | 59091490 | 10 | 32 | 78.46 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 27 | 20 | 9684616 | 5101642 | 52.68 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 10 | 5282500 | 3031206 | 57.38 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 85 | 74 | 37864361 | 26317204 | 69.5 |
| 4 | കൃഷി ഓഫീസർ | 16 | 12 | 3163410 | 1800644 | 56.92 |

| | | | | | | |
|---|---|---|---|---|---|---|
| 5 | വി.ഇ.ഒ. പാട്യം | 6 | 4 | 4650000 | 2258378 | 48.57 |
| 6 | വി.ഇ.ഒ. ചെറുവാഞ്ചേരി | 9 | 8 | 16320800 | 6284292 | 38.5 |
| 7 | മെഡിക്കൽ ഓഫീസർ PHC | 5 | 5 | 1870000 | 1780687 | 95.22 |
| 8 | മെഡിക്കൽ ഓഫീസർ ആയുർവേദം | 2 | 2 | 900000 | 900000 | 100 |
| 9 | വെറ്റിനറി സർജൻ | 8 | 5 | 2986070 | 1435000 | 48.06 |
| 10 | ICDS സൂപ്പർവൈസർ | 5 | 4 | 6320050 | 6003300 | 94.99 |
| 11 | ഹെഡ് മാസ്റ്റർ ജി.യു.പി.എസ് | 18 | 15 | 3681529 | 3166637 | 86.01 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1125000 | 875000 | 77.78 |
| 13 | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 2 | 2 | 1029000 | 137500 | 13.36 |
| | ആകെ | 195 | 163 | 94877336 | 59091490 | 62.28 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 647918 | 379796 | 1027714 | 979571 | 48143 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 31137124 | 31137124 | 31137124 | 0 |
| ആകെ | 647918 | 31516920 | 32164838 | 32116695 | 48143 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| തൊഴിൽ രഹിത വേതനം | 1 | 720 |
| കർഷകതൊഴിലാളി പെൻഷൻ | 325 | 4779600 |
| വിധവാ പെൻഷൻ | 1400 | 20948600 |
| വാർദ്ധക്യകാല പെൻഷൻ | 2441 | 34012400 |
| വികലാംഗ പെൻഷൻ | 398 | 6147700 |
| അവിവാഹിത പെൻഷൻ | 293 | 4354800 |
| വിവാഹ ധനസഹായം | 9 | 270000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-6-2022 ന് 4.00 Pm സമയത്ത് അക്കൌണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹34,296 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഒരു സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം എന്നത് ആ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളുടെയും അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെയും കാഷിന്റെയും ബാങ്കിന്റെയും ഇടപാടുകളുടെ നിയന്ത്രണവും

വരുമാനം വർദ്ധിപ്പിക്കാനായി നടപടി സ്വീകരിക്കുന്നതോടൊപ്പം പിരിച്ചെടുക്കാനുള്ള നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും മുഴുവൻ ചെലവുകളുടെയും ആധികാരിത ഉറപ്പുവരുത്തുന്നതുമായ സമ്പ്രദായമാണ്. ഇതിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. ഓഡിറ്റ് വർഷത്തെ രേഖകൾ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണെന്ന് ബോധ്യപ്പെടുകയുണ്ടായി. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം 6/2020, 1/2021, 2/2021, 3/2021 എന്നീ മാസങ്ങളിലായി നാല് തവണയാണ് സ്റ്റാഫ് മീറ്റിംഗുകൾ ചേർന്നിട്ടുള്ളത്.

## 1-10 ഗ്രാമ സഭ

കോവിഡ് രോഗ വ്യാപനമുള്ളതിനാൽ ഗ്രാമ പഞ്ചായത്തിലെ പതിനാറ് വാർഡുകളിലും തൻവർഷം 2/2021 ൽ ഒരു തവണ മാത്രമാണ് ഗ്രാമസഭായോഗം ചേർന്നിട്ടുള്ളത്.

## 1-11 ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് ലഭിക്കുന്നില്ല

ഇ-ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിന് 28-9-2013 ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ളതും ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടതുമായ ടെണ്ടർ ഫീ ഇതുവരെയും ലഭിച്ചിട്ടില്ല. 2020-21 ൽ ടെണ്ടർ ഫീ ഇനത്തിൽ ₹48,729 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. ടെണ്ടർ ഫീ ഇനത്തിൽ 2020-21 വരെ താഴെപ്പറയും പ്രകാരമുള്ള ₹2,72,118 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ലഭിക്കാനുണ്ട്. ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള മുഴുവൻ തുകയും ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | വർഷം | തുക ₹ |
|---|---|---|
| 1 | 2014-15 | 9,240 |
| 2 | 2015-16 | 9,450 |
| 3 | 2016-17 | 32,800 |
| 4 | 2017-18 | 34,850 |
| 5 | 2018-19 | 72,477 |
| 6 | 2019-20 | 64,572 |
| 7 | 2020-21 | 48,729 |
| | ആകെ | 272118 |

## 1-12 വിദ്യാർത്ഥിനികൾക്ക് കളരി യോഗ പരിശീലനം - അപാകങ്ങൾ - ₹24000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |

| | |
|---|---|
| പ്രോജക്ട് നമ്പർ /പേര് | 148/21<br>വിദ്യാർത്ഥിനികൾക്ക് കളരി യോഗ പരിശീലനം |
| അടങ്കൽ | ₹216000 വികസന ഫണ്ട് ജനറൽ |
| ചെലവ് | ₹216000<br>ബിൽ നമ്പർ : 19220452007301191393/1-2-2021 |

ഗ്രാമ പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് യോഗ, കളരി എന്നിവയിൽ പരിശീലനം നല്കുന്നതിനുള്ള പദ്ധതിയാണിത്. കുട്ടികൾക്കുള്ള ലഘുഭക്ഷണത്തിനും പരിശീലകർക്കു പ്രതിഫലം നല്കുന്നതിനുമാണ് പദ്ധതി പ്രകാരം തുക ചെലവഴിച്ചത്.

മേൽ പ്രൊജക്ട് പ്രകാരമുള്ള ചെലവ് തുകയിൽ നിന്നും പങ്കജാക്ഷി എം എന്നവർക്ക് ₹24000 അക്കൗണ്ടിൽ കൈമാറിയിട്ടുണ്ട്. എന്നാൽ തുക നൽകിയത് എന്തടിസ്ഥാനത്തിൽ ആണെന്ന് വ്യക്തമാക്കുന്ന ചെലവ് രേഖകൾ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് 8/18-06-2022 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത് പ്രകാരം ചെറുവാഞ്ചേരി യു പി സ്കൂൾ പ്രധാന അദ്ധ്യാപിക ആണ് മേൽ തുക ₹24000 കുട്ടികൾക്ക് ലഘു ഭക്ഷണം നൽകിയതിന്റെ ചിലവ് ഇനത്തിൽ കൈപ്പറ്റിയിട്ടുള്ളത്. ലഘു ഭക്ഷണം വിതരണം ചെയ്ത ആളുടെ/ഹോട്ടലിന്റെ ഒറിജിനൽ ബിൽ, മറ്റ് വിതരണ വിവരങ്ങൾ എന്നിവ മറുപടിയിൽ ലഭ്യമല്ല. ആയതിനാൽ ₹24000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-13 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - കെൽട്രോണിന് അധികം തുക നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നമ്പർ / പേര് | 109/21 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് |
| അടങ്കൽ | ₹200000 വികസന ഫണ്ട് – ടി എസ് പി<br>₹6100 തനതു ഫണ്ട്<br>ആകെ : ₹206100 |
| ചെലവ് | ₹192220<br>ബിൽ നമ്പർ : 19220452007301190759/5-3-21<br>വികസന ഫണ്ട് ടി എസ് പി |

പ്രൊഫഷണൽ/ബിരുദ/ബിരുദാനന്തര കോഴ്സിന് പഠിക്കുന്ന പട്ടിക വർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനുള്ള മേൽ പ്രോജക്ട് പ്രകാരം 7 ലാപ്ടോപ്പ് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ. റ്റി. മിഷന് ₹192220 നൽകിയിട്ടുണ്ട്. (പ്രൊഫോർമ ഇൻവോയിസ് നമ്പർ TVM/ITBG/P1/RC/23001/20-21//03-03-21). എന്നാൽ ഫയലിനോടൊപ്പം ലഭ്യമാക്കിയ Acer India (Private) Limited ന്റെ GST ടാക്സ് ഇൻവോയ്സിൽ ലാപ്ടോപ്പുകളുടെ നികുതിയടക്കം ₹183272 യാണ് രേഖപ്പെടുത്തിയിരിക്കുന്നത്. (ഇൻവോയ്സ് നമ്പർ PYS121023828/25-08-21). യഥാർത്ഥ ബില്ല് പ്രകാരമുള്ള തുകയേക്കാളും ₹8948 (192220-183272) അധികം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് 9/18-06-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അധികം നൽകിയ ₹8948 തിരികെ ഈടാക്കുന്നതാണെന്ന നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. അധികം നൽകിയ ₹8948 കേരള സ്റ്റേറ്റ് ഐ. റ്റി. മിഷനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-14 ഹോമിയോ ഡിസ്പൻസറിക്ക് മരുന്നും അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - ₹200000 യുടെ മരുന്ന് ലഭിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

| | |
|---|---|
| പ്രോജക്റ്റ് നമ്പർ / പേര് | 105/21 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | ₹200000 മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| ചെലവ് | ₹200000<br>ബിൽ നമ്പർ/തീയതി:20220452007700685758/ 4.11.2020 |

മേൽ പ്രോജക്റ്റ് പ്രകാരം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് പ്രൊഫോർമ ഇൻവോയ്സ് പി.ആർ.എഫ്/575/26.9.2020 പ്രകാരം ആലപ്പുഴയിലെ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് മുൻകൂറായി ₹200000 നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് 14/20-6-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മെഡിക്കൽ ഓഫീസർ ഇംപ്ലിമെന്റിംഗ് ഓഫീസർ മാത്രമാണെന്നും മരുന്ന് സ്റ്റോക്കിൽ എടുക്കുന്നതും വരുന്നതും ഡിസ്പെൻസറിയിലാണ് എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ കടമയാണ്. മരുന്ന് ലഭ്യമായതിന്റെ ഇൻവോയ്സ് സഹിതം സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-15 പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ - ₹300000 യുടെ മരുന്ന് ലഭിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പാട്യം |
| പ്രോജക്റ്റ് നമ്പർ/ പേര് | 97/21 പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹300000 മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| ചെലവ് | ₹300000<br>ബിൽ നമ്പർ/തീയതി:20220452007700558645/ 27.9.2020 |

മേൽ പ്രോജക്റ്റ് പ്രകാരം പി എച്ച് സി ക്ക് മരുന്ന് വാങ്ങുന്നതിന് പ്രൊഫോർമ ഇൻവോയ്സ് പി.ആർ.എഫ് 2620/1.10.2020 പ്രകാരം ₹300000 മുൻകൂറായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 15/20.6.2022 നമ്പർ പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്ന് ലഭിച്ചിട്ടില്ലെന്നാണ് മെഡിക്കൽ ഓഫീസർ അറിയിച്ചത്. മരുന്ന് ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-16 പാലിയേറ്റീവ് കെയർ - ₹300275 യുടെ മരുന്ന് ലഭിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്റ്റ് നമ്പർ / പേര് | 95/2021 പാലിയേറ്റീവ് കെയർ |
| അടങ്കൽ | 400000 വികസന ഫണ്ട് പൊതു വിഭാഗം<br>200000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>200000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ : ₹800000 |
| ചെലവ് | 392195 വികസന ഫണ്ട്<br>129087 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>200000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ : ₹721282 |
| ബിൽ നമ്പർ/തീയതി | 20220452007700303561,29.6.2020<br>₹57000 (വികസന ഫണ്ട്) |

| | |
|---|---|
| (ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം) | 20220452007700421230,13.8.2020 ₹70000<br>20220452007700632512,19.10.2020 ₹70000<br>20220452007700921865,11.01.2021 ₹31640<br>20220452007700950356,15.1.2021 ₹63280<br>20220452007700558646,27.9.20 ₹100275<br>20220452007701220225, 10.3.21 ₹97447 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>20220452007701441079,29.3.21 ₹31640(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>20220400000022144,30.3.21 ₹200000 (ജില്ലാ പഞ്ചായത്ത് വിഹിതം) |

മേൽ പ്രോജക്റ്റ് പ്രകാരം മരുന്ന് വാങ്ങുന്നതിന് പ്രൊഫോർമ ഇൻവോയ്സ് പി.ആർ.എഫ് 3338/10.112020/1.10.2020 പ്രകാരം ₹100275 യും പ്രൊഫോർമ ഇൻവോയ്സ് പി.ആർ.എഫ്.3336/10.11.2020 പ്രകാരം ₹200000 യും ഉൾപ്പെടെ ആകെ ₹300275 മുൻകൂറായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 21/20.6.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്ന് ലഭിച്ചിട്ടില്ലെന്നാണ് മെഡിക്കൽ ഓഫീസർ അറിയിച്ചത്. മരുന്ന് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-17 സമഗ്ര നാളികേര വികസനം - സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നമ്പർ / പേര് | 186/21 സമഗ്ര നാളികേര വികസനം |
| അടങ്കൽ | ₹855000 വികസന ഫണ്ട്<br>₹285000 ഗുണഭോക്തൃ വിഹിതം നേരിട്ട്<br>ആകെ : ₹1140000 |
| ചെലവ് (വികസന ഫണ്ട്) | ₹32063<br>ബിൽ നമ്പർ/തീയതി : 20220452007201371661,26.3.21<br>₹570825<br>ബിൽ നമ്പർ/തീയതി : 20220452007200603297,9.10.20<br>₹214425<br>ബിൽ നമ്പർ/തീയതി : 20220452007200899754,6.1.2021<br>ആകെ : ₹817313 |

മേൽ പ്രോജക്റ്റ് പ്രകാരം 656 ഗുണഭോക്താക്കളുടെ 7265 തെങ്ങിന് ജൈവവളം നല്കുന്നതിന് ₹817313 പാട്യം സർവ്വീസ് സഹകരണ ബേങ്കിന് നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം. 22/2018/തസ്വഭവ തീയതി 14.02.2018 ഖ.6.1.1 പ്രകാരം കാർഷിക കർമ്മസേനകൾ, കർഷക ഗ്രൂപ്പുകൾ തുടങ്ങിയവർ പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ജൈവ വളങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനം നടത്തുന്ന മാലിന്യ സംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ഉൽപ്പാദിപ്പിക്കുന്നവ എന്നിവയിൽ നിന്നും നേരിട്ട് കൃഷി ഓഫീസർ കൺവീനറായ

പർച്ചേസിംഗ് കമ്മിറ്റിയുടെ അനുമതിയോടെ കൃഷിക്കാർ വാങ്ങി ഉപയോഗിക്കേണ്ടതാണെന്നും ഇത്തരത്തിൽ ലഭ്യമല്ലാത്ത സംഗതികളിൽ ലോക്കൽ പർച്ചേസ് നടത്താവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ജൈവവളത്തിനുള്ള സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്നതിന് പകരം പാട്യം സർവ്വീസ് സഹകരണ ബേങ്കിന് നല്കുകയാണുണ്ടായത്. സർക്കാർ മാനദണ്ഡം പാലിക്കാതെ സബ്സിഡി തുക കൈമാറിയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് 20/20-6-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കർഷകരുടെ അക്കൌണ്ടിൽ നിക്ഷേപിക്കുന്ന രീതിയാണ് വർഷാ വർഷം തുടർന്ന് വരുന്നതെന്നും പഞ്ചായത്തിൽ വ്യാപകമായി ഈ ആനുകൂല്യം ദുരുപയോഗം ചെയ്യുന്നതായി കൃഷി ഭവനും പഞ്ചായത്ത് ഭരണ സമിതിക്കും ബോധ്യപ്പെട്ടതിനെ തുടർന്ന് വർക്കിംഗ് ഗ്രൂപ്പ് കൂടിയാലോചിച്ച് സബ്സിഡി നിരക്കിൽ ഗുണമേന്മയുള്ള ജൈവവളം കർഷകർക്ക് പാട്യം സർവ്വീസ് സഹകരണ ബാങ്ക് മുഖേന വിതരണം നടത്താമെന്ന് 17.6.20 ലെ പർച്ചേസ് കമ്മിറ്റി തീരുമാന പ്രകാരം നിശ്ചയിക്കുകയായിരുന്നുവെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ കോവിഡ് വ്യാപനം മൂലം കഷ്ടത്തിലായ കർഷകർക്ക് മുഴുവൻ തുകയും നൽകി വളം വാങ്ങുന്നതിനുള്ള ബുദ്ധിമുട്ടും ഭരണ സമിതി സൂചിപ്പിച്ച പ്രകാരമാണ് സഹകരണ ബാങ്കിലേക്ക് തുക നൽകിയതെന്നാണ് അറിയിച്ചത്. സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-18 ജൈവ പച്ചക്കറി കൃഷി പ്രോത്സാഹനം- .സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | 106/21 ജൈവ പച്ചക്കറി കൃഷി പ്രോത്സാഹനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ. |
| അടങ്കൽ | ₹50000 വികസന ഫണ്ട്<br>₹25500 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹25500 ജില്ലാ പഞ്ചായത്ത് വിഹിതം<br>₹10000 ഗുണഭോക്തൃ വിഹിതം നേരിട്ട്<br>ആകെ : ₹111000 |
| ചെലവ് | ₹20000<br>ബിൽ നമ്പർ : 2022045207201075626/11.2.2021 വികസന ഫണ്ട്<br>₹30000<br>ബിൽ നമ്പർ : 20220452007201075629/11.2.2021 വികസന ഫണ്ട്<br>₹25500<br>ബിൽ നമ്പർ : 20220452007201439224/30.3.2021<br>ബ്ലോക്ക് വിഹിതം<br>ആകെ : ₹75500 |

ഗ്രാമ പഞ്ചായത്തിലെ 3 ഹെക്ടർ കൃഷി സ്ഥലത്ത് കൃഷി ചെയ്യുന്നതിന് 100 ഗുണഭോക്താക്കൾക്ക് ജൈവ വളം നൽകൽ, കൂലി ചെലവ്, വിത്ത് വിതരണം എന്നിവ ചെയ്യുന്നതിനുള്ള മേൽ പ്രോജക്ട് പ്രകാരം ₹75500 ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ₹20000 യ്ക്ക് (100x200) 4 ഇനം വിത്തുകൾ അടങ്ങിയ 100 എണ്ണം കിറ്റും ₹30000 യ്ക്കുള്ള ( 15 കി ഗ്രാം /കിറ്റ് @300 ) മണ്ണിര കമ്പോസ്റ്റിന്റെ 100 കിറ്റും പിണറായി അഗ്രോ സർവ്വീസ് സെന്ററിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. 41 ഗുണഭോക്താക്കൾക്ക് കൂലി ചെലവ് നൽകുന്നതിനാണ് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച ₹25500 വിനിയോഗിച്ചത്. സബ്സിഡി മാർഗ്ഗരേഖ സ.ഉ(എം.എസ്)നം.22/2018/തസ്വഭവ. തീയ്യതി 14.2.2018, ഖ. 6.1.1 പ്രകാരം പൊതു വിഭാഗത്തിന് 75% നിരക്കിൽ ജൈവവളത്തിന് സബ്സിഡി അനുവദിക്കാവുന്നതാണ്. എന്നാൽ ₹300 യുടെ 100 എണ്ണം മണ്ണിര കമ്പോസ്റ്റ് കിറ്റ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇതു പ്രകാരം ₹22500 സബ്സിഡി അനുവദിക്കാവുന്നതാണ്(300x75%=225). ബാക്കി തുകയായ ₹7500 ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുക്കേണ്ടതായിരുന്നു. എന്നാൽ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടില്ല. ഇത് സംബന്ധിച്ച് 18/20.6.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ ഒരു സെന്റിന് 80-100 കിലോ ജൈവവളമാണ് കൃഷി വകുപ്പിന്റെ ശുപാർശയെന്നും ഇപ്രകാരം നൽകാൻ ബുദ്ധിമുട്ടായതിനാൽ 15 കിലോ മാത്രം നൽകികൊണ്ടാണ് പദ്ധതി നടപ്പിലാക്കിയതെന്നും അധികമായുള്ള തുക കർഷകർ സ്വയം വഹിക്കേണ്ടതാണെന്നും പ്രോജക്ടിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും മറുപടിയിൽ പറയുന്നു. സബ്സിഡി മാർഗ്ഗരേഖ സ.ഉ(എം.എസ്)നം.22/2018 തീയതി 14.2.2018 ഖ.2.6 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങി നൽകുന്ന സംഗതികളിൽ ഗുണഭോക്തൃ വിഹിതം തദ്ദേശസ്ഥാപനങ്ങളിൽ അടയ്ക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതം

പിരിച്ചെടുത്തിട്ടില്ല. പ്രോജക്ട് രൂപീകരണ ഫോറത്തിൽ ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നത് സംബന്ധിച്ച് വ്യക്തത ഉണ്ടായിരുന്നില്ല. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-19 കവുങ്ങ് കൃഷി വ്യാപനം- സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് ധനസഹായം അനുവദിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ, |
| പ്രോജക്ട് നമ്പർ / പേര് | 100/21 കവുങ്ങ് കൃഷി വ്യാപനം |
| അടങ്കൽ | ₹128500 വികസന ഫണ്ട്<br>₹875 തനത് ഫണ്ട്<br>₹43125 ഗുണഭോക്തൃ വിഹിതം<br>ആകെ : ₹172500 |
| ചെലവ് | ₹128500<br>ബിൽ നമ്പർ/തീയതി : 20220452007200593574,7.10.20 വികസന ഫണ്ട്<br>₹875<br>ചെക്ക് നമ്പർ/തീയതി : 3861402/26.3.2021 തനത് ഫണ്ട്<br>ആകെ : ₹129375 |

മേൽ പ്രോജക്ട് പ്രകാരം 6900 കവുങ്ങിൻ തൈകൾ ഒരെണ്ണത്തിന് ₹25 നിരക്കിലാണ് പിണറായി അഗ്രോ സർവീസ് സെന്ററിൽ നിന്നും വാങ്ങി 496 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 6 ഹെക്ടറിൽ പുതു കൃഷി നടത്തുവാനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. 25% ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടവാക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്)22/18/ത.സ്വ.ഭ.വ ,തീയതി -14.02.2018 ഖ.6 ൽ കവുങ്ങിൻ തൈ വിതരണം പ്രതിപാദിച്ചിട്ടില്ല. സബ്സിഡി മാർഗരേഖയിൽ ഉൾപ്പെടാത്ത ഇനത്തിനാണ് മേൽ ബിൽ പ്രകാരം മാറിയ ₹129375 ചെലവഴിച്ചത്. ഇതു സംബന്ധിച്ച് 17/20.6.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് രോഗ ബാധമൂലം കവുങ്ങ് കൃഷി കുറഞ്ഞ് വരുന്ന സാഹചര്യത്തിൽ വർക്കിംഗ് ഗ്രൂപ്പ് കൂടി ആലോചിച്ചും കർഷകരുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ചുമാണ് പദ്ധതി രൂപീകരിച്ചതും അതിന്മേൽ വെറ്റിങ്ങും ഡിപിസി യുടെ അംഗീകാരവും ലഭിച്ചതിനു ശേഷം മാത്രമാണ് പ്രോജക്ട് നടപ്പിലാക്കിയതെന്നാണ് മറുപടിയിൽ അറിയിച്ചത്. കൂടാതെ കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ പദ്ധതികളിൽ ചുരുങ്ങിയ ആനുകൂല്യം മാത്രമെ കവുങ്ങ് കൃഷിക്ക് നൽകി വരുന്നുള്ളുവെന്നും ഉദ്ദേശ്യശുദ്ധി പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കിത്തരണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ സ.ഉ(എം.എസ്)22/2018/ തസ്വഭവതീയതി-14.2.2018 ഖ2.2 പ്രകാരം ഈ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിനോ ഓരോ ഇനത്തിനും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ ഓരോ ഇനത്തിനും പറഞ്ഞിട്ടുള്ളതിൽ അധികരിച്ച നിരക്കിലോ തുകയിലോ സബ്സിഡി നൽകുന്നതിന് സർക്കാരിൽ നിന്നുള്ള മുൻകൂർ അനുമതി നേടണമെന്ന് നിഷ്കർഷിക്കുന്നു. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മാത്രം പ്രോജക്ട് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - പൂർത്തിയാകുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ / പേര് | 35/21 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹375000 വികസന ഫണ്ട്<br>₹375000 ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കൽ<br>ആകെ : ₹750000 |
| ചെലവ് | 375000<br>ബിൽ നമ്പർ/തീയതി : P3/20-21/19.1.2021 വികസന ഫണ്ട് |

4 മുതൽ 6 മാസം പ്രായമുള്ള 30 കന്നുകുട്ടികൾക്ക് 32 മാസം / പദ്ധതി തീരുന്നതുവരെ ഗുണനിലവാരമുള്ള കാലിത്തീറ്റ ലഭ്യമാക്കുകയും പദ്ധതിക്കാലയളവ് തീരുന്നതുവരെ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുകയും ചെയ്യുന്ന പ്രോജക്ടാണിത്. ₹6,250 പഞ്ചായത്ത് വിഹിതവും ₹6,250 മൃഗസംരക്ഷണ വകുപ്പിന്റെ വിഹിതവുമായി ഒരു ഗുണഭോക്താവിന് ഒരാൾക്ക് ആകെ സബ്സിഡി ₹12,500 യാണ് ലഭ്യമാകുന്നത്. 30 ഗുണഭോക്താക്കൾക്ക് ഗ്രാമ പഞ്ചായത്ത് ഭരണസമിതി

തെരഞ്ഞെടുത്ത പാട്യം ക്ഷീര സഹകരണ സംഘം വഴിയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. മേൽ ബിൽ പ്രകാരം മാറിയ ₹375000 എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ 719011400000003 നമ്പർ ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർ ലഭ്യമാക്കിയ 22.6.22 ലെ വിനിയോഗ സാക്ഷ്യപത്ര പ്രകാരം പഞ്ചായത്ത് കൈമാറിയ ₹375000 യിൽ ₹228888 ചെലവഴിച്ചതായും പ്രോജക്ട് പൂർത്തിയായിട്ടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ട് പൂർത്തിയാകുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-21 അംഗൻവാടികളിൽ കുടിവെള്ള കണക്ഷൻ ലഭ്യമാക്കൽ – പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ /പേര് | 8/21 അംഗൻവാടികളിൽ കുടിവെള്ള കണക്ഷൻ ലഭ്യമാക്കൽ |
| അടങ്കൽ | ₹500000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ₹300000<br>ബിൽ നമ്പർ/തീയതി : 20220452011000990273/25.1.2021 |

ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന അംഗൻവാടികളിൽ കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനു ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ₹300000 കണ്ണൂർ ജില്ലാ ഗ്രൗണ്ട് വാട്ടർ ഡിസ്ട്രിക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | സെന്റർ നമ്പർ | അംഗനവാടികളുടെ പേര് |
|---|---|---|
| 1 | 62 | കിഴക്കെ കതിരൂർ |
| 2 | 63 | തിരുമംഗലം |
| 3 | 64 | പത്തായക്കുന്ന് |
| 4 | 65 | കൊട്ടയോടി |
| 5 | 66 | കാലൂന്നിമൊട്ട |
| 6 | 67 | പൂക്കോട് |
| 7 | 70 | മുതിയങ്ങ |
| 8 | 71 | മുതിയങ്ങ സെന്റർ |
| 9 | 74 | ചെറവാഞ്ചേരി |
| 10 | 75 | പൂവ്വത്തൂർ |

| | | |
|---|---|---|
| 11 | 83 | വേളായി |
| 12 | 85 | കൊങ്കച്ചി |
| 13 | 86 | സൗത്ത് പാട്യം |
| 14 | 87 | കളരി താഴെ |
| 15 | 88 | വലിയവെളിച്ചം |
| 16 | 91 | ഈസ്റ്റ് പൂവ്വത്തൂർ |
| 17 | 92 | വെങ്ങളം |

മേൽ പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 3/16.6.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിലവിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പൂർത്തീകരണ സാക്ഷ്യപത്രവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായിട്ടില്ല എന്ന മറുപടിയാണ് ലഭിച്ചത്. പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം.11/2018/തസ്വഭവ, 29.1.2018 11.2(ഡി)iv പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ വേണ്ട തുടർനടപടികൾ സ്വീകരിക്കേണ്ടതും നിർവ്വഹണ പുരോഗതി ഡിപിസി പ്രതിമാസം വിലയിരുത്തേണ്ടതുമാണ്. എന്നാൽ തുടർപ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കുവാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതുമാണ്.

## 1-22 വിവിധ അംഗൻവാടികളിൽ കുഴൽ കിണർ കുഴിക്കുന്നതിന് ഭൂജല വകുപ്പിന് തുക നൽകിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ /പേര് | 242/21<br>വിവിധ അംഗൻവാടികളിൽ കുഴൽ കിണർ കുഴിക്കുന്നതിന് ഭൂജല വകുപ്പിന് തുക ഡെപ്പോസിറ്റ് ചെയ്യൽ. |
| അടങ്കൽ | ₹2000000 ധനകാര്യ കമ്മിഷൻ |
| ചെലവ് | ₹742000<br>ബിൽ നമ്പർ/തീയതി : 20220452011001367224/26.2.2021<br>₹23220<br>ബിൽ നമ്പർ/തീയതി : 20220452011001034320/4.2.2021<br>ആകെ ചെലവ് : ₹765220 |

മേൽ പ്രോജക്ട് പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തിയിനത്തിൽ ഗ്രാമ പഞ്ചായത്തിലെ കുറ്റേരിപ്പൊയിൽ, ചീരാറ്റ, വലിയവെളിച്ചം, പൂവ്വത്തൂർ, ചെറുവാഞ്ചേരി, കല്ലുവളപ്പ്, കലശപ്പറമ്പ്, പത്തായക്കുന്ന്, പൂക്കോട്, ചിറക്കാവ് എന്നീ അംഗനവാടികളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ₹765220 കണ്ണൂർ ജില്ലാ ഗ്രൗണ്ട് വാട്ടർ ഡിസ്ട്രിക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ

സ.ഉ(കൈ)നം.11/2018/തസ്വഭവ 29.01.2018 11.2(ഡി)(ii) പ്രകാരം തദ്ദേശ ഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമേ തുക മുൻകൂറായി നൽകാവൂ എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. മേൽ പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 3/16.6.22 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിലവിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പൂർത്തീകരണ സാക്ഷ്യപത്രം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 പി എച്ച് സി ക്ക് ഫോട്ടോകോപ്പിയർ വാങ്ങൽ-ഫോട്ടോകോപ്പിയർ നാളിതുവരെ ലഭിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്ട് നമ്പർ/ പേര് | 99/21 പി എച്ച് സി ക്ക് ഫോട്ടോ കോപ്പിയർ വാങ്ങൽ |
| അടങ്കൽ | ₹70000 തനത് ഫണ്ട് |
| ചെലവ് | ₹59405 ചെക്ക് നമ്പർ : 2612897/18-12-2020 |

പി എച്ച് സി ക്ക് ഫോട്ടോകോപ്പിയർ വാങ്ങൽ എന്ന മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് ₹59405 കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ-799011400003959) നൽകിയിട്ടുണ്ട്. ഫോട്ടോകോപ്പിയർ ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് 16/20.6.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് Keltron ൽ നിന്നും നാളിതുവരെയായി ഫോട്ടോ കോപ്പിയർ ലഭിച്ചിട്ടില്ലെന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. 15.3.2022ന് കെൽട്രോൺ ജനറൽ മാനേജർക്ക് മെഡിക്കൽ ഓഫീസർ കത്ത് നൽകിയിട്ടും യാതൊരു തുടർനടപടിയും സ്വീകരിച്ചിട്ടില്ലെന്നാണ് കത്തിടപാടുകളിൽ നിന്നും വ്യക്തമാകുന്നത്. ഉപകരണം ലഭ്യമാക്കുവാൻ വേണ്ട തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണി- അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ /പേര് | 167/21 തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണി |
| അടങ്കൽ | ₹420000 തനത് ഫണ്ട് |
| ചെലവ് | ₹105000 ചെക്ക് നമ്പർ/തീയതി : 1263943/29.5.2020<br>₹105000 ചെക്ക് നമ്പർ/തീയതി : 1069263/7.9.2020<br>₹105000 ചെക്ക് നമ്പർ/തീയതി : 1069279/24.11.2020<br>₹105000 ചെക്ക് നമ്പർ/തീയതി : 1706314/27.2.2021<br>ആകെ : ₹420000 |

മേൽ പ്രോജക്ട് പ്രകാരം ₹420000 ശ്രീലേഷ്, എലൈറ്റ് ഇലക്ട്രിക്കൽസ്, ചക്കരക്കൽ എന്ന കരാറുകാരന് നൽകിയിട്ടുണ്ട്. പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണിയും സംരക്ഷണവുമായി ബന്ധപ്പെട്ട സർക്കുലർ നം 3055/ഉ അ 3/2011 /തസ്വഭവ /18.09.11 പ്രകാരമുള്ള മാർഗ്ഗരേഖ ഖ.2.(ബി) പ്രകാരം തെരുവ് വിളക്കുകളുടെയും അനുബന്ധ വസ്തുക്കളുടെയും വിശദാംശങ്ങൾ തദ്ദേശ ഭരണ സ്ഥാപനത്തിലെയും കെ എസ് ഇ ബി യിലെയും അധികാരികൾ സംയുക്ത പരിശോധന നടത്തേണ്ടതും ഇവ സംബന്ധിച്ച് ടെണ്ടർ രേഖകളിൽ പരാമർശിക്കേണ്ടതുമാണ്. കരാറിൽ അറ്റകുറ്റപ്പണി നടത്തുന്ന

തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ ചേർത്തിട്ടില്ല. സംയുക്ത പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

2. തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്തതായി വാർഡ് മെമ്പർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തുക നൽകുകയാണ് ചെയ്യുന്നത്.

മേൽ അപാകങ്ങൾ സംബന്ധിച്ച് 4/16.6.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ 2019-20ൽ സംയുക്ത പരിശോധന നടത്തിയതായി അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 8.4.2022 ലെ 6807/2020 കത്ത് പ്രകാരം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് കെ എസ് ഇ ബി ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ പരിഹരിക്കേണ്ടതും സംയുക്ത പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

## 1-25 കല്ലുവളപ്പ് സെൻട്രൽ നഴ്സറി റോഡ് ടാറിംഗ് - കരാറിൽ ഏർപ്പെടാൻ വൈകിയതിന് പിഴ ഈടാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ / പേര് | 70/21 കല്ലുവളപ്പ് സെൻട്രൽ നഴ്സറി റോഡ് ടാറിംഗ് |
| അടങ്കൽ | ₹400000 ധനകാര്യ കമ്മീഷൻ അവാർഡ് തുക<br>₹ 5000 തനത് ഫണ്ട്<br>ആകെ : ₹405000 |
| ചെലവ് | ₹400000 ബിൽ നമ്പർ : 2022045201000155858/11-4-2020<br>₹3078 വൌച്ചർ നമ്പർ : 22000294/23-1-2021<br>ആകെ : ₹403078 |
| കരാറുകാരൻ | മനോജ്. കെ. |
| കരാർ | AE/LSGD/PTM/15/2020-21/6-8-2020 |
| കരാർ തുക | ₹361591 |

കല്ലുവളപ്പ് സെൻട്രൽ നഴ്സറി റോഡ് ടാറിംഗ് എന്ന പ്രവൃത്തിയുടെ കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയതിൽ പിഴ കൂടാതെ 29-7-2020 നള്ളിലും 1 % പിഴയോടെ 8-8-2020 വരെയും കരാറിലേർപ്പെടണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 6-8-2020 നാണ് കരാറിലേർപ്പെട്ടത്. കരാറിലേർപ്പെടുന്നതിൽ കാലതാമസം വന്നതിന് കേരള പി.ഡബ്ല്യൂ.ഡി. മാന്വൽ ഖണ്ഡിക 2009.6 പ്രകാരം കരാറുകാരനിൽനിന്നും പിഴ ഈടാക്കാത്തത് സംബന്ധിച്ച് 29/23.06.2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. കരാർ തുകയുടെ 1% പിഴയായ ₹3616 കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-26 എം.സി.എഫ് കെട്ടിടത്തിന് ചുറ്റുമതിൽ നിർമ്മാണം - ടെണ്ടർ അംഗീകരിച്ചതിലെ അപാകങ്ങൾ കരാറുകാരന് അധികം നൽകിയ ₹1080യുടെ ചെലവ് അംഗീകരിക്കുന്നില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ / പേര് | 165/21<br>എം.സി.എഫ് കെട്ടിടത്തിന് ചുറ്റുമതിൽ നിർമ്മാണം<br>(സ്പിൽ ഓവർ) |
| അടങ്കൽ | ₹470000 ധനകാര്യ കമ്മീഷൻ അവാർഡ് തുക<br>₹ 30000 തനത് ഫണ്ട്<br>ആകെ : ₹500000 |

| | |
|---|---|
| ചെലവ് | ₹463805 ബിൽ നമ്പർ : 2022045201000155858/11-4-2020 |
| കരാറുകാരൻ | ബിജു. ടി. 1.3% Below Estimate Rate |
| കരാർ | AE/LSGD/PTM/4/19-20/8-11-2019 |
| അളവ് പുസ്തകം | 4/19-20 |

എം.സി.എഫ് കെട്ടിടത്തിന് ചുറ്റുമതിൽ നിർമ്മാണം എന്ന മേൽ പ്രോജക്ട് നടപ്പാക്കുന്നതിന്റെ ഭാഗമായി ₹4,67,000 യുടെ എസ്റ്റിമേറ്റ് തയ്യാറാക്കിട്ടുണ്ട്.

മേൽ പ്രവൃത്തിക്ക് ബിജു.ടി. സമർപ്പിച്ച 1.3% കുറഞ്ഞ നിരക്കിലുള്ള ടെണ്ടറാണ് അംഗീകരിച്ചത്. കരാറുകാരന് തുക നൽകിയതിലെ അപാകങ്ങൾ സംബന്ധിച്ച് 27/23-6-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

| മെമ്മോ ഓഫ് പേയ്മെന്റ് പ്രകാരം<br>കരാറുകാരന് നൽകിയ തുക | കരാറുകാരന്<br>നൽകേണ്ടിയിരുന്ന തുക |
|---|---|
| ചെയ്ത പ്രവൃത്തിയുടെ മൂല്യം : 418552.94<br>(-) ടെണ്ടർ കുറവ് 1.3 % : 5441.18<br>= 414112<br>(413112 എന്നതിന് പകരം 414112 എന്ന് എഴുതി) | ചെയ്ത പ്രവൃത്തിയുടെ മൂല്യം : 418552.94<br>(-) ടെണ്ടർ കുറവ് 1.3 % : 5441.18<br>= 413112 |
| (+) 12 % GST : 49693 | (+) 12 % GST : 49573 |
| ആകെ : 463805 | ആകെ : 462685 |
| (-) ആദായ നികുതി : 4141 | (-) ആദായ നികുതി : 4131 |
| (-) ക്ഷേമനിധി വിഹിതം : 4141 | (-) ക്ഷേമനിധി വിഹിതം : 4131 |
| (-)സി.ജി.എസ്.ടി : 4141 | (-)സി.ജി.എസ്.ടി : 4131 |
| (-)എസ്..ജി.എസ്.ടി : 4141 | (-)എസ്..ജി.എസ്.ടി : 4131 |
| കരാറുകാരന് നൽകിയ തുക : ₹4,47,241 | കരാറുകാരന് നൽകേണ്ട തുക : 446161 |
| കരാറുകാരന് അധികം നൽകിയ തുക : ₹1,080 (447241-446161) | |

കരാറുകാരന് അധികം നൽകിയ ₹1080 യുടെ ചെലവ് ആംഗീകരിക്കുന്നില്ല. കരാറുകാരന് അധികം നൽകിയ ₹1,080 ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-27 വനിതാ ശിശു വിഹാര സരോവരം - തുടർ പ്രവർത്തനങ്ങൾ നടക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20, 2020-21 വർഷങ്ങളിൽ നടപ്പിലാക്കിയ വനിതാ ശിശു വിഹാര സരോവരം എന്ന പ്രോജക്ടിന് താഴെപ്പറയും പ്രകാരമുള്ള തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| വർഷം | 2019-20 | 2020-21 |
|---|---|---|

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ/ പേര് | 151/20<br>വനിതാ ശിശു വിഹാര സരോവരം | 179/21<br>വനിതാ ശിശു വിഹാര സരോവരം |
| അടങ്കൽ | വികസന ഫണ്ട് : ₹3,00,000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം : ₹12,00,000<br>ജില്ലാ പഞ്ചായത്ത് വിഹിതം : ₹10,00,000<br>ആകെ : ₹25,00,000 | തനത് ഫണ്ട് ഃ ₹170000<br>വികസന ഫണ്ട് : ₹12,00,000<br>ബ്ലോക്ക്പഞ്ചായത്ത് വിഹിതം: ₹10,99,460<br>ജില്ലാ പഞ്ചായത്ത് വിഹിതം : ₹10,00,000<br>ആകെ : ₹34,69,460 |
| ചെലവ് | ബ്ലോക്ക് പഞ്ചായത്ത് വിഹിതം : ₹1,00,540 | വികസന ഫണ്ട് : ₹9,44,313<br>ബിൽ നമ്പർ : 20220452010000029032/11-4-20 (₹3,00,000),<br>ബിൽ നമ്പർ : 20220452010000551119/24-9-20 (₹6,44,313)<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം : ₹5,99,460<br>വൌച്ചർ നമ്പർ : 106977/30-3-21<br>ജില്ലാ പഞ്ചായത്ത് വിഹിതം : ₹10,00,000<br>ബിൽ നമ്പർ : 20220452010000914147/8-1-21<br>ആകെ : ₹25,43,773 |

വനിതാ ശിശു വിഹാര സരോവരം എന്ന മേൽ പ്രോജക്ടിന് 2020-21 വരെ ₹2644313 (1,00,540+25,43,773) ചെലവഴിക്കുകയും പ്രസ്തുത കെട്ടിടത്തിന്റെ ഉദ്ഘാടനം 9-9-2020 ന് നടത്തുകയും ചെയ്തിട്ടുണ്ട്. 2021-22 ൽ ₹8,88,763 ഉൾപ്പെടെ ആകെ ₹35,33,076 ചെലവഴിച്ചിട്ടുണ്ട്. ഉദ്ഘാടനം കഴിഞ്ഞിട്ട് ഇതുവരെയും മേൽ കെട്ടിടം പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് 28/23-6-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വനിതാ ശിശു വിഹാര സരോവരം എന്ന കെട്ടിടം നിർമ്മിച്ചത് ജോലിയുള്ള മാതാപിതാക്കളുടെ മൂന്ന് വയസ്സിന് താഴെയുള്ള കുട്ടികളെ സംരക്ഷിക്കാനാണെന്നും കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ വനിതകളുടെ ഫിറ്റ്നസ് സെന്റർ ആരംഭിക്കാൻ പദ്ധതി നടപ്പിലാക്കുന്നുണ്ട് എന്നും കോവിഡ് രോഗ വ്യാപനത്താലാണ് ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാതിരുന്നതെന്നും കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ 2022-23 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതാണെന്നുമാണ് സെക്രട്ടറി മറുപടി നൽകിയത്. വനിതാ ശിശു വിഹാര സരോവരം എന്ന മേൽ പ്രോജക്ടിന്റെ മുഴുവൻ നിർമ്മാണ പ്രവൃത്തികളും പൂർത്തിയാക്കാതെയും പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കാതെയുമാണ് കെട്ടിടം ഉദ്ഘാടനം ചെയ്തിട്ടുള്ളത്. നിഷ്ക്രിയ ആസ്തിയായി ഈ കെട്ടിടം മാറാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച് തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ / തീയ്യതി |
|---|---|---|
| 2020-21 | 22-06-2022, 23-06-2022 | കെ.എസ്.എ/കെ.എൻ.ആർ/സി.8/ 918/2022<br>തീയ്യതി: 26.07.2022. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | തുക ലഭിച്ച വർഷം | പദ്ധതിയുടെ നമ്പർ / പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 28696 | 2020-21 | 104/21<br>നെൽകൃഷി വികസനം | 28696 | ഇല്ല |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 25500 | 2020-21 | 106/21<br>ജൈവ പച്ചക്കറികൃഷി പ്രോൽസാഹനം | 25500 | ഇല്ല |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 129087 | 2020-21 | 95/21<br>പാലിയേറ്റീവ് കെയർ | 129087 | ഇല്ല |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 2140000 | 2020-21 | 26/21<br>ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി ജനറൽ | 2140000 | ഇല്ല |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 250000 | 2020-21 | 37/21<br>ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 | ഇല്ല |
| 6 | ബ്ലോക്ക് പഞ്ചായത്ത് | 200000 | 2020-21 | 133/21<br>ബഡ്സ് സ്കൂൾ അറ്റകുറ്റപ്പണി | 200000 | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 7 | ബ്ലോക്ക് പഞ്ചായത്ത് | 560000 | 2020-21 | 216/21<br>മുണ്ടയോട് കടവ് റോഡ് കോൺക്രീറ്റ് | 560000 | ഇല്ല |
| 8 | ബ്ലോക്ക് പഞ്ചായത്ത് | 250000 | 2020-21 | 123/21<br>പാലിന് ഇൻസെന്റീവ് | 250000 | ഇല്ല |
| | ആകെ | 3583283 | | | 3583283 | |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ മുൻവർഷം ലഭിച്ച തുകയിൽ നിന്നും ₹635092 ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി ജനറൽ (സ്പിൽഓവർ) എന്ന പ്രോജക്ടിനും ₹599460വനിത ശിശു വിഹാര സരോവരം എന്ന പ്രോജക്ടിനും വേണ്ടി ആകെ ₹1234552 തൻവർഷം ചെലവഴിച്ചിട്ടുണ്ട്. | | | | | |
| 9 | ജില്ലാ പഞ്ചായത്ത് | 250000 | 2020-21 | 151/21<br>ക്ഷീര കർഷകർക്ക് പാലുൽപ്പാദന ബോണസ് | 250000 | ഇല്ല |
| 10 | ജില്ലാ പഞ്ചായത്ത് | 200000 | 2020-21 | 95/21<br>പാലിയേറ്റീവ് കെയർ | 200000 | ഇല്ല |
| 11 | ജില്ലാ പഞ്ചായത്ത് | 25959 | 2020-21 | 199/21<br>വീട്ടുവളപ്പിൽ മത്സ്യകൃഷി പടുതാക്കുളം | 25959 | ഇല്ല |
| 12 | ജില്ലാ പഞ്ചായത്ത് | 42792 | 2020-21 | 200/21<br>വീട്ടുവളപ്പിൽ ബയോഫ്ലോക്ക് ഗിഫ്റ്റ് തിലാപ്പിയ | 42789 | ഇല്ല |
| 13 | ജില്ലാ പഞ്ചായത്ത് | 250000 | 2020-21 | 37/21<br>ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 | ഇല്ല |
| 14 | ജില്ലാ പഞ്ചായത്ത് | 1000000 | 2020-21 | 179/21<br>വനിത ശിശു വിഹാര സരോവരം | 1000000 | ഇല്ല |
| 15 | ജില്ലാ പഞ്ചായത്ത് | 300000 | 2020-21 | 139/21<br>വയോജന വിശ്രമകേന്ദ്രം അടിസ്ഥാന സൌകര്യം ഒരുക്കൽ | 300000 | ഇല്ല |
| 16 | ജില്ലാ പഞ്ചായത്ത് | 50000 | 2020-21 | 17/21<br>ബഡ്സ് സ്കൂളിലേക്ക് ഫർണിച്ചർ | 50000 | ഇല്ല |
| | ആകെ | 2118748 | | | 2118748 | |
| | ആകെ ചെലവ് | | | | 5702031 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | ബിൽ/ വൌച്ചർ നമ്പർ | ചെല വഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | 242/21 അംഗൻവാടി കളിൽ കുഴൽ കിണർ | 20220452011001034320/4-2-21 | 23220 | പൂർത്തീ കരിച്ചിട്ടില്ല | പ്രവൃത്തി പൂർത്തിയാക്കി യിട്ടില്ല |
| | | 20220452011001367224/26-2-21 | 742000 | | |
| | | ആകെ | 765220 | | |
| കേരള വാട്ടർ അതോറിറ്റി | 8/21 അംഗൻവാടി കളിൽ കുടിവെള്ള കണക്ഷൻ | 20220452011000990273/25-1-21 | 300000 | പൂർത്തീ കരിച്ചിട്ടില്ല | പ്രവൃത്തി പൂർത്തിയാക്കി യിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള ₹2504140 യിൽ തൻവർഷം ₹676762 തിരിച്ചടച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പാ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പഞ്ചായത്ത് ഭവന പദ്ധതി | സ.ഉ (എം.എസ്) നം.327/2012/ ത.സ്വ.ഭ.വ/ 7-12-2012 | 4920000 | 428332 | 428332 | - | ഇല്ല |
| ലൈഫ് മിഷൻ ഭവന പദ്ധതി | GO. (MS) No.111/2018 /ത.സ്വ.ഭ.വ /13-8-2018 | 2414044 | 2075808 | 248430 | - | 1827378 |
| | ആകെ | | 2504140 | 676762 | - | 1827378 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമ പഞ്ചായത്തിന് സ്ഥിരനിക്ഷേപമിനത്തിൽ തുകയൊന്നും നീക്കിയിരിപ്പായി ഇല്ല. ഷെയർ ഇനത്തിലുള്ള ₹20000 യുടെ വിവരം താഴെകൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 20000 |
| തൻവർഷം നിക്ഷേപിച്ചത് | ഇല്ല |
| ആകെ | 20000 |
| തൻവർഷം പിൻവലിച്ചത് | ഇല്ല |
| വർഷാവസാനം നീക്കിയിരിപ്പ് | 20000 |

| ക്രമ നമ്പർ | ഷെയർ സർട്ടിഫിക്കറ്റിന്റെ വിവരം | തുക |
|---|---|---|
| 1 | മലബാർ ടൂറിസം ഡവലപ്പ്മെന്റ് സൊസൈറ്റി, സർട്ടിഫിക്കറ്റ് നമ്പർ 4444/15-5-2015 | 20000 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 ാം വകുപ്പ് പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹ്യത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 8 | 2003-04 | 3-13-17 | മറ്റു പരാമർശങ്ങൾ | പരാമർശം നിലനിൽക്കുന്നു |
| 2007-08 | 3-14 | 2010-11 | 2-14 | ഡെപ്പോസ്റ്റ് വർക്കുകൾ പൂർത്തിയാക്കുന്നതിൽ കാലതാമസം | പരാമർശം നിലനിൽക്കുന്നു |
| 2013-14 2014-15 | 2-1 | 2016-17 | 1 | വസ്തു നികുതി അസസ്സ്മെന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. 2013-14, 2014-15 സാമ്പത്തിക വർഷം വസ്തു നികുതി അസസ്സ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 83539600 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 77182919 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | 1080 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 24000 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 1-26 | - | 1080 | ശ്രീമതി.ഹർഷ.കെ. പി, അസിസ്റ്റന്റ്എഞ്ചിനീയർ |

| | | | |
|---|---|---|---|
| | | | |
| ആകെ | - | 1080 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1-12 | 24000 | ശ്രീമതി. മീര. എൻ, ഹെഡ് മിസ്ട്രസ്, ജി.എൽ.പി.എസ് |
| ആകെ | 24000 | |

സി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി നും തടസ്സത്തിനും ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദിയായ ആളുടെ പേര് | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഹർഷ. കെ. പി, അസിസ്റ്റന്റ് എഞ്ചിനീയർ | അവധിയിൽ | ആലക്കാട്ട്, വലിയന്നൂർ, വാരം, കണ്ണൂർ, 670594 |
| ശ്രീമതി. മീര. എൻ, ഹെഡ് മിസ്ട്രസ്, ജി.എൽ.പി.എസ് | വിരമിച്ചു | ശരണ്യ, തെക്കൂർ എടയന്നൂർ.പി.ഒ,കണ്ണൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ/കെ.എൻ.ആർ/സി.8/821/ 2019 തീയ്യതി 1-6-2019 | 1 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/സി.8/821/ 2019 തീയ്യതി 1-6-2019 | 1 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/സി.8/821/ 2019 തീയ്യതി 1-6-2019 | 3 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി.8/821/ 2019 തീയ്യതി 1-6-2019 | 4 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/സി.8/821/ 2019 തീയ്യതി 1-6-2019 | 4 |
| 2010-11, 2011-12 | കെ.എസ്.എ/കെ.എൻ.ആർ/സി.8/821/ 2019 തീയ്യതി 1-6-2019 | 3 |

| | | |
|---|---|---|
| 2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി.8/821/2019 തീയ്യതി 1-6-2019 | 9 |
| 2013-14, 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.8/821/2019 തീയ്യതി 1-6-2019 | 4 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.8/821/2019 തീയ്യതി 1-6-2019 | 6 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.8/821/2019 തീയ്യതി 1-6-2019 | 15 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.8/1822/18 തീയ്യതി 17-12-2018 | 23 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.8/1747/19 തീയ്യതി 18-2-2020 | 13 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി.8/245/22 തീയ്യതി 6-5-2020 | 25 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം , കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ പാട്യം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പാട്യം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## RECEIPT AND PAYMENT STATEMENT OF PATTIAM GRAMA PANCHAYAT FOR THE PERIOD FROM 1-4-2020 TO 31-3-2021

| Code | Head Account | Schedule No | Current year Amount ₹ |
|---|---|---|---|
| | Opening Balance | | |
| 450000000 | Cash and Bank Balance | RP-40(a) | 24452247 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1156910 |
| 130000000 | Head 3 | RP-3 | 0 |
| 140000000 | Fees & User Charges | RP-4 | 573322 |
| 150000000 | Sale & Hire Charges | RP-5 | 49506 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 60814152 |
| 171000000 | Interest Earned | RP-9 | 451785 |
| 210000000 | Establishment Expenses | RP-12 | 1210 |
| 220000000 | Administrative Expenses | RP-13 | 16 |
| 230000000 | Operations & Maintenance | RP-14 | 1118 |
| 254000000 | State Sponsored Schemes | RP-19 | 0 |
| 311000000 | Earmarked Funds | RP-28 | 4927 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 15772705 |
| 341000000 | Deposit Works | RP-34 | 1000 |
| 431000000 | Sundry Debtors | RP-45 | 3851794 |
| 460000000 | Loans. Advances and Deposits | RP-49 | 23126 |
| Non operating | | | |
| 180000000 | Other Income | RP-10 | 752 |
| 340000000 | Deposits Received | RP-33 | 224438 |
| 350000000 | Other Liabilities | RP-35 | 612839 |
| Grand Total | | | 107991847 |
| Operating | | | |
| 210000000 | Establishment Expenses | RP-12 | 1682985 |
| 220000000 | Administrative Expenses | RP-13 | 136367 |
| 230000000 | Operations & Maintenance | RP-14 | 801549 |
| 240000000 | Interest & Finance Charges | RP-15 | 303 |
| 250000000 | Annual Plan Revenue Expences (Productive Sector) | RP-16 | 7738057 |
| 251000000 | Annual Plan Plan Revenue Expenses (Service Sector) | RP-17 | 16572086 |
| 252000000 | Annual Plan Plan Revenue Expenses | RP-18 | 6875237 |

| | | | |
|---|---|---|---|
| | (Infrastructure Sector) | | |
| 254000000 | State Sponsored Schems | RP-19 | 384744 |
| 255000000 | Grants, Contributions and compensation from Own Fund | RP-21 | 540059 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 89010 |
| 412000000 | Capital Work in Progress | RP-39 | 15289550 |
| 414000000 | Annual Plan – Capital Expenses (Service Sector) | RP-41 | 100000 |
| 415000000 | Annual Plan – Capital Expenses ( Infrastructure Sector) | RP-42 | 1852690 |
| 460000000 | Loans, Advances and Deposits | RP-49 | 1311470 |
| Non Operating | | | |
| 330000000 | Secured Loans | RP-31 | 428332 |
| 350000000 | Other Liabilities | RP-35 | 23380480 |
| | Closing Balance | | |
| | Cash and Bank Balance | RP-40(b) | 30808928 |
| Grand Total | | | 107991847 |

## അനുബന്ധം 4

## INCOME AND EXPENDITURE STATEMENT OF PATTIAM GRAMA PANCHAYAT FOR THE PERIOD FROM 1-4-2020 TO 31-3-2021

| Code No | Description of items | Schedule No | Current Year Amount (₹) |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5011088 |
| 120000000 | Assigned Revenue & Compensations | I-2 | 0 |
| 130000000 | Rental Income from Panchayat Properties | I-3 | 125416 |
| 140000000 | Fees & User Charges | I-4 | 943822 |
| 150000000 | Sale & Hire Charges | I-5 | 49506 |
| 160000000 | Revenue Grants, Contributions & Compensations | I-6 | 170138476 |

| | | | |
|---|---|---|---|
| 170000000 | Income from Investments | I-7 | 0 |
| 171000000 | Interest Earned | I-8 | 451785 |
| 180000000 | Other Income | I-9 | 752 |
| A | Total Income | | 176720845 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 10549312 |
| 220000000 | Administrative Expenses | I-11 | 1268538 |
| 230000000 | Operations & Maintenance | I-12 | 1238053 |
| 240000000 | Interest & Finance Charges | I-13 | 1076 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 4649309 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 29264449 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 7655944 |
| 253000000 | Decentralised Plan Programme-Projects not in Sector Division | I-14(C) | 32116573 |
| 254000000 | Expenditure of Transferrred Institutions & State Sponored Schemes | I-14(D) | 70897844 |
| 255000000 | Maintenance Projects | I-14(E) | 0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 122 |
| 260000000 | Grants, Contributions & Compensations from Own Fund | I-15 | 540000 |

| | | | |
|---|---|---|---|
| 270000000 | Provisions & Write off | I-16 | 0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0 |
| 272000000 | Depreciation | I-17(A) | 16064468 |
| B | B -Total : Expenditure | | 174245688 |
| C=A-B | Gross Surplus / Defict of Income over Expenditure before Prior Period Items | | 2475157 |
| D=280000000 | Prior Period Item | I-18 | 1112203 |
| E=C-D | Gross Surplus/(defict) of Income over Expenditure after prior Period items. | | 1362954 |
| 290000000 | Transfer to Reserve Funds | | |
| | Net Balance being Surplus/Defict carried over to<br>Balance Sheet (Panchayat Fund) | | |

## അനുബന്ധം 5

## BALANCE SHEET OF PATTIAM GRAMA PANCHAYAT AS ON 31-3-2021

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat (General) Fund | B-1 | 26463969.49 |
| 311000000 | Earmarked Funds | B-2 | 30107 |
| 312000000 | Reserves | B-3 | 65883786 |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 18779609 |
| 330000000 | Secured Loans | B-5 | 1827378 |
| 331000000 | Unsecured Loans | B-6 | 0 |
| 340000000 | Deposits Received | B-7 | 1022777 |
| 341000000 | Deposits Works | B-8 | 1000 |
| 350000000 | Other Liabilities | B-9 | 2903407.11 |
| 360000000 | Provisions | B-10 | 0 |

| | | | |
|---|---|---|---|
| | TOTAL | | 116912033.6 |
| 410000000 | Fixed Assets | B-11 | 1121272 |
| 412000000 | Capital Work In Progress | B-11(b) | 5018321 |
| 413000000 | Annual Plan – Capiatal Expences (Productive Sector) | B-11(c) | 0 |
| 414000000 | Annual Plan – Capiatal Expences (Service Sector) | B-11(d) | 4970931 |
| 415000000 | Annual Plan – Capiatal Expences (Infrastructure Sector) | B-11(e) | 101267327 |
| 416000000 | Accumulated Depreciation | B-11(a) | -44294069 |
| 420000000 | Investments General Fund | B-12 | 20000 |
| 421000000 | Sundry Debtors | B-13 | 0 |
| 430000000 | Stock in hand (Inventories) | B-14 | 109928 |
| 431000000 | Sundry Debtors (Receivables) | B-15 | 5373919 |
| 432000000 | Accumulated Provisions against bad and doubtful (Receivables) | B-15(a) | 0 |
| 440000000 | Pre-paid Expences | B-16 | 0 |
| 450000000 | Cash and Bank balance | B-17 | 30808928 |
| 460000000 | Loans, Advances and Deposits | B-18 | 1073823 |
| 461000000 | Accumulated Provisions against Loans, Advances and Deposits | B-18(a) | 0 |
| 470000000 | Other Assets | B-19 | 0 |
| 480000000 | Miscellaneous Expenditure to be written off | B-20 | 0 |
| | TOTAL | | 116912033.6 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.